പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 327 — 22.08.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് രൂപീകരിക്കാനാകും എന്നറിയിക്കാമോ;

(ബി) കെ.എ.എസ്.ലേക്ക് നേരിട്ട് നിയമനത്തിനുള്ള പ്രായപരിധി എത്രയാണെന്നും അടിസ്ഥാനവിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ റാങ്ക് പട്ടിക തയ്യാറാക്കുന്ന ചുമതല ആർക്കാണ് എന്നറിയിക്കാമോ; അഭിമുഖം, എഴുത്തുപരീക്ഷ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ചട്ടങ്ങളുടെ അന്തിമരൂപം തയ്യാറാക്കുന്നതിന് മുമ്പ് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

(എ), (ബി), (സി) & (ഡി)

ഇല്ല. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചുകൊണ്ട് 04.01.2017 ലെ സ.ഉ(എം.എസ്) നം.1/17/പി.&എ.ആർ.ഡി പ്രകാരം ഉത്തരവായിരുന്നു. ആയതു സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രായപരിധി, വിദ്യാഭ്യാസയോഗ്യത, റാങ്ക് പട്ടിക തയ്യാറാക്കുന്നത് തുടങ്ങിയവ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ ഒരു സെക്രട്ടറിതലസമിതി രൂപീകരിക്കുകയും 17.08.2017 ന് പ്രസ്തുത കമ്മിറ്റി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും കെ.എ.എസ്. സംബന്ധിച്ച ചട്ടങ്ങൾക്ക് അന്തിമരൂപം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ